(ഡി) സംസ്ഥാനത്തുനിന്നും നിക്ഷേപമായി സംഭരിച്ച എത്ര തുക വാണിജ്യ ബാങ്കുകൾ സംസ്ഥാനത്തിന് പുറത്ത് ചെലവഴിച്ചിട്ടുണ്ടെന്ന് അറിയുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ)

(എ) 1998 ഡിസംബർ 31 വരെയുള്ള കണക്കുപ്രകാരം 30,642.2 കോടി രൂപ നിക്ഷേപമുണ്ടായിരുന്നു.

(ബി) ഇതിൽ കാർഷികാവശ്യങ്ങൾക്ക് 2030.9 കോടി രൂപയും ചെറുകിട വ്യവസായങ്ങൾക്ക് 1978.4 കോടി രൂപയും വായ്പയായി നൽകിയിട്ടുണ്ട്.

(സി) 1998 ഡിസംബർ മാസത്തെ വായ്പ നിക്ഷേപ അനുപാതം 42 ശതമാനമാണ്.

(ഡി) കണക്കുകൾ ലഭ്യമല്ല.

16 (*76) കേരവൃക്ഷങ്ങളുടെ കാറ്റുവീഴ്ച രോഗം

ശ്രീ. നാലകത്തുസൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റുവീഴ്ച-മണ്ഡരി മുതലായ രോഗങ്ങൾമൂലം കേരളത്തിൽ പലയിടത്തും കേരവൃക്ഷങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ രോഗങ്ങൾ തടയാൻ എന്ത് പ്രതിവിധിയാണ് നടത്തിയിട്ടുള്ളത്;

(സി) ഇതുമൂലം കേര കർഷകർക്കുണ്ടായ നഷ്ടം നികത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) രോഗബാധിത വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനും പുതിയവ വച്ചു പിടിപ്പിക്കുന്നതിനും കർഷകർക്ക് ധനസഹായം നൽകാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ പദ്ധതി ആരംഭിക്കുമോ എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) ഉണ്ട്. കാറ്റുവീഴ്ച രോഗം തടയുന്നതിനായി ഫലപ്രദമായ പ്രതിവിധികൾ കണ്ടു പിടിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ രോഗം മൂർച്ഛിച്ച് കായഫലം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ധനസഹായവും തെങ്ങിൻ തോട്ടങ്ങളിൽ ശാസ്ത്രീയമായ പരിചരണങ്ങൾ നടപ്പിലാക്കുന്നതിന് കർഷകർക്ക് സഹായധനവും നൽകുന്നു. രാസ-ജൈവ കീടനാശിനി പ്രയോഗത്തിലൂടെ മണ്ഡരി കീടബാധ നിയന്ത്രിച്ചു വരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)&(ഇ) കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് തെങ്ങൊന്നിന് 200 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കി വരുന്നുണ്ട്.

17 (*77) കേര വെളിച്ചെണ്ണയുടെ കയറ്റുമതി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കേര" വെളിച്ചെണ്ണ ഗൾഫ് നാടുകളിലേയ്ക്ക് കയറ്റുമതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) "കേര" വെളിച്ചെണ്ണ ഗൾഫ് നാടുകളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന്റെ ചുമതല സംസ്ഥാനത്തെ ഏതെങ്കിലും ഏജൻസിയ്ക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി മുഖേനയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കയറ്റുമതി ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ എന്തെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഓരോവർഷവും എന്തു തുകയ്ക്കുള്ള വെളിച്ചെണ്ണയാണ് ഗൾഫ് നാടുകളിലേയ്ക്ക് കയറ്റുമതി ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് പറയുമോ;

(എഫ്) കേര വെളിച്ചെണ്ണയുടെ ഗൾഫ് നാടുകളിലെ മാർക്കറ്റ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ ഗൾഫ് നാടുകളിലെ ആവശ്യത്തിനനുസരിച്ച് സംസ്ഥാനത്ത് "കേര" വെളിച്ചെണ്ണയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഓരോ വർഷവും എത്ര കിലോഗ്രാം ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഗൾഫ് നാടുകളിലേയ്ക്ക് വെളിച്ചെണ്ണ അയ്ക്കുന്നതിന് 1998 -ൽ കേരഫെഡിൽ നിന്ന് ഒരു ഉന്നത സംഘം യു.എ.ഇ., മസ്ക്കറ്റ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി പല വ്യാപാരി ഏജൻസികളുമായും ചർച്ച നടത്തി. അതനുസരിച്ച് യു.എ.ഇ. യിലെ "മൊണ്ടാന ഫുഡ് സ്റ്റഫ് ട്രേഡിംഗും", ഒമാനിലെ "ഖിംജിരാംസു" മായി വിൽപ്പന ധാരണയുണ്ടാക്കി. യു.എ.ഇ. യിൽ 29.4.1999-ൽ ബഹു. മുഖ്യമന്ത്രി "കേരഗോൾഡ്" വിപണിയിലിറക്കി, കേരയുടെ കയറ്റുമതിക്ക് തുടക്കം കുറിച്ചു.

(സി) ഇല്ല. "കേര" വെളിച്ചെണ്ണ ഗൾഫ് നാടുകളിലേക്ക് കയറ്റുമതി ചെയ്യാനുള്ള അവകാശം കേരഫെഡിൽ തന്നെ നിക്ഷിപ്തമാണ്.

(ഡി) "കേര"കയറ്റുമതി ധാരണയനുസരിച്ച് കേരഫെഡ് 500 എം.എൽ-ന് 1.3 ഡോളറും, 200 എം.എൽ-ന് 0.6 ഡോളറുമാണ് വില നിശ്ചയിച്ചിരിക്കുന്നത്. ഈ രണ്ടുതരം പാക്കിംഗ് മാത്രമാണ് കേരഫെഡ് കയറ്റുമതി

LIBRARY ARCHIVES Kerala Legislative Assembly